പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 129. 18-03-2013 -ൽ മറുപടിക്ക്.

## അനധികൃത സ്പിരിറ്റ് തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ:<br>" കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>" കെ. ദാസൻ:<br>" സി. കൃഷ്ണൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്പിരിറ്റിന്റെ അനധികൃത വരവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സ്പിരിറ്റ് ലോബിയും ചില എക്സൈസ് അധികൃതരും തമ്മിലുള്ള അവിഹിത ബന്ധങ്ങൾ സ്പിരിറ്റ് കടത്തിന് ആക്കം വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സ്പിരിറ്റു കേസുകളിൽ സസ്പെന്റു ചെയ്യപ്പെട്ടവരിൽ എത്ര പേരെ ഈ സർക്കാർ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്; സസ്പെൻഷനിൽ കഴിയുന്നവരെത്ര; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സ്പിരിറ്റു കേസുകളിൽ സസ്പെന്റു ചെയ്യപ്പെട്ടവരിൽ 4 പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 11 പേർ നിലവിൽ സസ്പെൻഷനിൽ കഴിയുന്നു. |
| (ഡി) സ്പിരിറ്റു കേസുകളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്തവ എത്ര; എത്ര കേസുകളിലായി എത്ര പേർ അറസ്റ്റു ചെയ്യാൻ ബാക്കി നിൽക്കുന്നു; | (ഡി) | 137 സ്പിരിറ്റു കേസുകളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കാനുണ്ട്. കൂടാതെ, 67 സ്പിരിറ്റു കേസുകളിൽ, 73 പ്രതികളെ അറസ്റ്റു ചെയ്യുവാനുമുണ്ട്. |
| (ഇ) സ്പിരിറ്റ് കേസുകളുടെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രധാനപ്പെട്ട സ്പിരിറ്റ് കേസുകൾ, എക്സൈസ് വകുപ്പിലെ സീനിയർ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ഒരു ടീം അന്വേഷിച്ചു വരുന്ന സാഹചര്യത്തിൽ, ഈ കേസുകളുടെ അന്വേഷണം, ഇപ്പോൾ പോലീസ് ക്രൈംബ്രാഞ്ചിന് ഏൽപ്പിക്കേണ്ടുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ആഫീസർ